# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4008** **25.06.2018-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.റോജി.എം.ജോൺ** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷയും ഉന്നത വിദ്യാഭ്യാസവും ഇൻഷ്വറൻസും ഉറപ്പാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽ വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത മാതാപിതാക്കളുടെ 01.04.2017 നുശേഷം ജനിച്ച പെൺകുട്ടികൾക്ക് 'വാത്സല്യനിധി' എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു.<br>ടി പദ്ധതിയിൽ ആദ്യ ഗഡു 39,000/-രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിലാണ്. ഇതിനുള്ളിൽ നിർബന്ധിത പ്രതിരോധ വാക്സിനേഷനുകൾ എടുത്തിരിക്കണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു (36,000/-രൂപ) 5 വയസ്സ് പൂർത്തിയായി പ്രൈമറി സ്കൂളിൽ പ്രവേശനം നേടുമ്പോഴും മൂന്നാം ഗഡു (33,000/-രൂപ) 10 വയസ്സ് പൂർത്തിയായി 5-ാം തരം പ്രവേശനം നേടുമ്പോഴും നാലാം ഗഡു (30,000/-രൂപ) 15 വയസ് പൂർത്തിയായി 10-ാം തരം പാസാകുമ്പോഴും കുട്ടികളുടെ പേരിൽ LIC യിൽ നിക്ഷേപിക്കും. ഇതിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പ് വരുത്തുന്നു. പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ നൽകുന്നു. |
| (ബി) | ഈ പദ്ധതിയുടെ കീഴിൽവരുന്ന ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട, 01.04.2017 ന് ശേഷം ജനിച്ച പെൺകുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2017-18 വർഷം 2555 പെൺകുട്ടികളെ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെയാണ് നടത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ? | | നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 2225-01-102-91(പി) ശീർഷകത്തിൽ 11 കോടി വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 2225-01-102-91(പി) എന്ന ശീർഷകത്തിൽ 10 കോടി വകയിരുത്തിയിട്ടുണ്ടായിരുന്നു. |

**സെക്ഷൻ ഓഫീസർ**